**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1427** | **11/08/2017 ൽ മറുപടിക്ക്**

## ഒഴിഞ്ഞുകിടക്കുന്ന കൃഷി ആഫീസർ തസ്തികകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. യു. ആർ.പ്രദീപ് :** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര കൃഷി ആഫീസർമാരുടെ തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത്; | (എ) സംസ്ഥാനത്ത് നിലവിൽ 224 കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ 196 എണ്ണം പി എസ് സി വഴിയും 28 എണ്ണം പ്രൊമോഷൻ വഴിയും നികത്തപ്പെടേണ്ടതാണ്. |
| (ബി) അവ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിന് പി എസ് സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013 ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ഓഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24/7/2017 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻ തന്നെ നിയമനം നടത്തുന്നതാണ്. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. |

**സെക്ഷൻ ഓഫീസർ**